(സി) 2002-03 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും പട്ടികജാതി വകുപ്പിന്റെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതികളുടെ തുക ട്രഷറികളിൽ നിന്നും പിൻവലിച്ച നടപടി

128 [3275] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
„ എ. കെ. ബാലൻ:
„ കെ. രാധാകൃഷ്ണൻ:
„ എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള വിവിധ പദ്ധതികളുടെ തുക ട്രഷറികളിൽ നിന്നും ഉദ്യോഗസ്ഥർ അനധികൃതമായി പിൻവലിച്ചത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തുന്നുണ്ടോ;

(ബി) ഇതിനകം നടന്ന അന്വേഷണങ്ങളിൽ വെളിവായ സംഗതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; പദ്ധതി തുക അനധികൃതമായി കൈവശം വച്ച കേസുകൾ ഏതെല്ലാം;

(സി) പ്രത്യേക ഘടക പദ്ധതിപ്രകാരം ചെലവഴിക്കാൻ ബഡ്ജറ്റിൽ നീക്കിവച്ച തുക ഉദ്യോഗസ്ഥൻമാരുടെ പേരിലുള്ള അക്കൗണ്ടുകളിലേക്ക് മാറ്റുകയുണ്ടായോ; ഏതെല്ലാം ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തു തുക വീതം കഴിഞ്ഞ ഏപ്രിലിനുമുമ്പ് മാറ്റുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഫിനാൻഷ്യൽ കോഡിന്റെയും മറ്റ് നടപടിക്രമങ്ങളുടെയും ലംഘനം നടത്തിയ കേസുകൾ ഏതൊക്കെയാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രഷറിയിൽ നിന്നും അനധികൃതമായി തുക പിൻവലിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി—ഡി) വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പിലാക്കിയ പുതിയ ക്ഷേമ പ്രവർത്തനങ്ങൾ

129 [3276] ശ്രീ. എ. എൻ. രാജൻ ബാബു:
„ കെ. കെ. ഷാജു:
„ ഉമേഷ് ചള്ളിയിൽ:
„ ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി നടപ്പിലാക്കിയ പുതിയ ക്ഷേമ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) പട്ടികസമുദായത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണ ഗ്രാന്റ് ഉയർത്തിയത് എന്നുമുതൽ ആണെന്നും ഇതുവരെ എത്ര പേർക്ക് ഇതിന്റെ ഗുണം ലഭിച്ചെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പട്ടികജാതി വിഭാഗത്തിൽപെട്ടവർക്കായി താഴെപ്പറയുന്ന പുതിയ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു:

1. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങാൻ പദ്ധതി
2. പോസ്റ്റുമെട്രിക് ഹോസ്റ്റലുകളുടെ നവീകരണ പദ്ധതി
3. സ്വയംതൊഴിൽ പദ്ധതി
4. ജേർണലിസം കോഴ്സിൽ പ്രത്യേക പരിശീലനം
5. ഐ. റ്റി.ഐ./ഐ.റ്റി.സി./ഡിപ്ലോമ/എൻജിനീയർ വിജയികൾക്ക് അപ്രന്റീസ് പരിശീലനം
6. ഷോപ്പിംഗ്-കോംപ്ലക്സ് നിർമ്മാണം/വാങ്ങൽ
7. മണ്ണന്തലയിൽ ഡോ. അംബേദ്കർ ഭവന നിർമ്മാണം
8. എല്ലാ പ്രൊഫഷണൽ കോഴ്സുകളിലും എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് സ്ഥാപനങ്ങളിൽ പഠിക്കുന്നതിനുള്ള ധനസഹായം അനുവദിക്കൽ
9. താമസ സ്ഥലത്തെ വെള്ളക്കെട്ട് നിവാരണ പദ്ധതി.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ആദിവാസി പുനരധിവാസമിഷൻ രൂപീകരണം, മാനുസാക്ക് പദ്ധതി എന്നിവ ഇവയിൽ ചിലതാണ്.

(ബി) 12-11-2002-ലെ സ.ഉ. (സ) നം. 735/02/പജ. പവ. വിവ. ഉത്തരവുപ്രകാരം ആറ് പട്ടികജാതിയിൽപ്പെട്ടവർക്ക് ഭവന നിർമ്മാണ ഗ്രാന്റ് 70,000 രൂപയായി ഉയർത്തിയത്. ഇതുവരെ 13436 പേർക്ക് ഭവന നിർമ്മാണം സഹായം നൽകിയിട്ടുണ്ട്.

20-3-2003-ലെ സ.ഉ. (സ) 261/03/പജ. പവ. വിവ. നമ്പർ ഉത്തരവുപ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിനുള്ള ഗ്രാന്റ് 70,000 രൂപയായി ഉയർത്തി. ദുർഘട പ്രദേശങ്ങളിൽ വീട് നിർമ്മാണത്തിനായുള്ള തുക 75,000 രൂപയും ആയിരിക്കും. പട്ടികവർഗ്ഗക്കാർക്കായുള്ള ഭവന നിർമ്മാണത്തിന് ഉയർന്ന നിരക്കിൽ തുക അനുവദിച്ചു തുടങ്ങിയത് ഈ സാമ്പത്തിക വർഷം മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly